# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി 18/526/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/04/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളം ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ആമുഖ കത്ത് സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോട്ടയം
3)ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി 18/526/2022 തീയ്യതി: 20/04/2022

## കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-03-2022 | 15-03-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2022 | 15-03-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുലത.ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രാജേഷ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.യോഗേഷ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റ്റി.റ്റി.ശശീന്ദ്രനാഥ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| പ്രൊ.റ്റോമിച്ചൻ ജോസഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ജെയ് മോൻ എബ്രഹാം | സെക്രട്ടറി | 01-04-2020 | 31-01-2021 |
| ശ്രീ.കെ.പി.രഘു (ഇൻ ചാർജ്ജ്) | സെക്രട്ടറി | 01-02-2021 | 16-02-2021 |
| ശ്രീ.രജിത്. ആർ | സെക്രട്ടറി | 17-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വ |
|---|---|---|---|
| ശ്രീമതി ഷജില ബീവി എസ് | സി.ഡി.പി.ഒ | 01-04-2020 | 10-0 202 |
| ശ്രീമതി സ്വപ്ന സലിം | സി.ഡി.പി.ഒ | 11-02-2021 | 02-0 202 |
| ശ്രീമതി അനിത കെ.വി | സി.ഡി.പി.ഒ | 03-03-2021 | 31-0 202 |
| ശ്രീമതി ശാലിനി ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-0 202 |
| ശ്രീമതി രേവതിക്കുട്ടി കെ.ആർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-0 202 |
| ശ്രീ.ജയൻ.എസ് | സൂപ്രണ്ട്, വൃദ്ധസദനം | 01-04-2020 | 31-0 202 |
| ശ്രീമതി മിനി എസ് തമ്പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-0 202 |
| ശ്രീ.ശ്യാംകുമാർ ബി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-0 202 |
| ഡോ.ബിജിമോൾ | സീനിയർ വെറ്റിനറി സർജൻ,പരിയാരം | 01-04-2020 | 31-0 202 |
| ശ്രീ.ശരത് ലാൽ. എസ്.ടി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-0 202 |
| ശ്രീ.അനിൽകുമാർ.വി.ജി | ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-0 202 |
| ഡോ.അഭിരാജ്.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-0 202 |
| ഡോ.രേഖ .ആർ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,അയർക്കുന്നം | 01-04-2020 | 17-0 202 |
| ഡോ.വിനി ഇക് ബാൽ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,അയർക്കുന്നം | 18-02-2021 | 31-0 202 |
| ഡോ.പ്രീത.എസ്.വൈ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, | 01-04- | 16-0 |

| | | | |
|---|---|---|---|
| | തോട്ടയ്ക്കാട് | 2020 | 202 |
| ഡോ.ഓമന. കെ.കെ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, തോട്ടയ്ക്കാട് | 17-02-2020 | 31-0 202 |
| ഡോ.ജോർജ്ജ് കുര്യൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, പനച്ചിക്കാട് | 01-04-2020 | 25-0 202 |
| ഡോ. അനുഷ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, പനച്ചിക്കാട് | 26-01-2021 | 31-0 202 |
| ഡോ.നീത ആലീസ് പോൾ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, സചിവോത്തമപുരം | 01-04-2020 | 31-0 202 |

12.11.2020 മുതൽ 29.12.2020 വരെ ഉദ്യോഗസ്ഥ ഭരണം

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 26-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 08-03-2022) | 1-6 |
| 7 | സാമൂഹ്യ സുരക്ഷാപദ്ധതികൾ<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 08-03-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 08-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Yogesh R (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 05-03-2022) | 1-10 |
| 11 | വാടക സംബന്ധിച്ച വിവരങ്ങൾ അപൂർണ്ണം<br>Written By: Ranjith M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-11 |
| 12 | ടെണ്ടർഫാറവില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 16-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-12 |
| 13 | രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചു<br>Written By: Yogesh R (Senior Grade Auditor, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-13 |
| 14 | സോളാർലൈറ്റ് സ്ഥാപിക്കൽ - ലൈറ്റുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല- 19.48 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sulatha.D (Audit Officer, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 12-04-2022) | 1-14 |
| 15 | വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sulatha.D (Audit Officer, On 13-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-04-2022) | 1-15 |
| 16 | കുഴൽകണറിന് മോട്ടോർ ഘടിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-04-2022) | 1-16 |
| 17 | തോട്സംരക്ഷണപ്രവൃത്തി - വിനിയോഗമിച്ചം വന്ന 9044/- രൂപയുടെ സർക്കാർ ഗ്രാന്റ് തിരികെ ലഭ്യമായിട്ടില്ല | 1-17 |

| | | |
|---|---|---|
| | Written By: Sulatha.D (Audit Officer, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | |
| 18 | സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതി - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-18 |
| 19 | മരുന്നുവാങ്ങൽ - പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-19 |
| 20 | വിതരണ വിവരം ലഭ്യമല്ല<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-20 |
| 21 | പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-21 |
| 22 | ഫയലുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-04-2022) | 1-22 |
| 23 | ഹോണറേറിയം തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-23 |
| 24 | ബാരൽ വില ഈടാക്കുന്നത് സംബന്ധിച്ച് (ഓഡിറ്റ് ഇംപാക്ട്)<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-04-2022) | 1-24 |
| 25 | അപകടകരമായി നിൽക്കുന്ന തേക്കുമരം മുറിച്ചുമാറ്റുന്നത് സംബന്ധിച്ച കമ്മിറ്റി തീരുമാനത്തിന്മേൽ ഒരുവർഷം കഴിഞ്ഞിട്ടും തുടർനടപടികളായിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 18-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-25 |
| 26 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് 2020-21 ൽ മുൻകൂർ നല്കിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 12-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 07-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 12-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Yogesh R (Senior Grade Auditor, On 14-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 12-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 12-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 05-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 04-03-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Yogesh R (Senior Grade Auditor, On 07-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 12-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 12-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 04-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പുതുക്കിയ ബജറ്റ് 10/2/2021 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4004786 | 8639481 |
| വരവ് | 192593815 | 69101918 |
| ആകെ | 196598601 | 77741399 |
| ചെലവ് | 192991395 | 74010542 |
| നീക്കിയിരിപ്പ് | 3607206 | 3730857 |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 69272348/- രൂപയും ചെലവ് 60254845/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 9017503/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 76127538/- രൂപയും ബാധ്യതകളുടെ മൂല്യം 49381696/- രൂപയും ജനറൽ ഫണ്ട് 26745842/- രൂപയുമാണ്. 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി.യിലെ നിർദേശം പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. തൻവർഷം ആസ്തി, ക്യാപിറ്റൽ എന്നിവയിലേക്ക് മാറ്റിയ തുകകളുടെ വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ കൃത്യത ഉറപ്പാക്കാനായില്ല.
3. വടവാതൂർ എസ്.ബി.ഐ അക്കൗണ്ടിന്റെ (450210101) പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരമുള്ള 31.03.2021 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് 691462 രൂപയും യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് 696065 രൂപയുമാണ്. 25.03.21ൽ പലിശയിനത്തിൽ ക്രെഡിറ്റായ 4603 രൂപ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ടിലെ വാർഷിക കണക്കുകൾ പ്രകാരമുള്ള 31.03.2021 ലെ നീക്കിയിരിപ്പ് കൃത്യമല്ല.
4. IWMP യ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് ഓഫ് ബറോഡയുടെ കോട്ടയം ശാഖയിലെ അക്കൗണ്ടിന്റെ (450610104) പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരമുള്ള 31.03.2021 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് 1861661 രൂപയും യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് 1846288 രൂപയുമാണ്. എന്നാൽ വാർഷിക കണക്കുപ്രകാരം (RP 40(B) ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 1843888/- രൂപ മാത്രമാണ്. 25.03.21 ൽ പിൻവലിച്ചിട്ടുള്ള 15373 രൂപ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ടിലെ വാർഷികകണക്കുകൾ പ്രകാരമുള്ള 31.03.2021 ലെ നീക്കിയിരിപ്പ് കൃത്യമല്ല.
5. അയർക്കുന്നം പഞ്ചായത്തിലെ മെത്രാൻചേരി കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.132/21) ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 300000 രൂപയുടെ വരവ് ചെലവുകൾ വാർഷികകണക്കുകളിൽ അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികകയിൽ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.
6. കോവിഡ് സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ ജനപ്രതിനിധികളുടെ 5 മാസത്തെ ഹോണറേറിയത്തിൽ നിന്നും പിടിച്ച തുകയായ 142250 രൂപ ബാദ്ധ്യതാ ഹെഡ്ഡിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. 31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ശീർഷകം 320100199, 320700103 ലെ കണക്കുകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-18 പ്രകാരമുള്ള തുകകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.
9. വാടക രജിസ്റ്ററിൽ ഡി.സി.ബി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാടകയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8639481 |
| ഓഡിറ്റ് വർഷത്തെ വരവ് | 69101918 |
| ആകെ | 77741399 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 74010542 |
| നീക്കിയിരിപ്പ് | 3730857 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9727569 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28613844 | 28613844 | 26701262 | 1912582 | 93.3 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11306000 | 11306000 | 10802907 | 503093 | 95.55 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 805000 | 805000 | 595724 | 209276 | 74 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 4943488 | 4943488 | 4902750 | 40738 | 99 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 5370000 | 5370000 | 3230818 | 2139182 | 60 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 5370000 | 5370000 | 4295616 | 1074384 | 80 |
| റ്റി.എസ്.സി | 16841 | 50194 | 67035 | 29600 | 37435 | 44.15 |
| ഐ.ഡബ്ല്യു.എം.പി | 2143517 | 10356365 | 12499882 | 10655994 | 1843888 | 85.24 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 80898/DPC/DPO/KTM തീയതി 28-01-2021 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | നടന്ന തീയതി |
|---|---|
| ആസൂത്രണസമിതി യോഗം | 12.12.2019 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 07.01.2020 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 09.01.2020 |
| വിട്ടുകിട്ടിയ സ്ഥാപനമേധാവികളുടെ യോഗം | 1-2-20 |
| സംയുക്തപദ്ധതികൾ സംബന്ധിച്ച ആലോചനായോഗം | 6-2-20 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 11.02.2020 |
| വികസനസെമിനാർ | 26.02.2020 |

2020-21 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 716,14,336/- രൂപയും ആകെ ചെലവ് 5,20,80,464/- രൂപയുമാണ്. ചെലവുശതമാനം 72.72 %. അംഗീകാരം ലഭിച്ച 116 പ്രോജക്ടുകളിൽ 94 പ്രോജക്ടുകൾക്കും തുക ചെലവഴിക്കാനായിട്ടുണ്ട്. എന്നാൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കൂടുതൽ പ്രോജക്ടുകളും ഡെപ്പോസിറ്റ് പ്രവൃത്തികളായിരുന്നതിനാൽ ബ്ലോക്ക്പഞ്ചായത്തിന്റെ വരവുചെലവു പത്രികപ്രകാരം തുക ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർവ്വഹണഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നതായിട്ടാണ് കാണുന്നത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 550000 | 550000 |
| ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 4 | 3 | 3412684 | 2212120 |
| പട്ടികജാതി വികസനഓഫീസർ | 7 | 7 | 3680430 | 2997878 |
| മെഡിക്കൽ ഓഫീസർ സിഎച്ച്.സി | 7 | 7 | 2940000 | 2857065 |
| മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ | 3 | 2 | 662450 | 462450 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 4 | 4 | 7758412 | 7126668 |
| സെക്രട്ടറി | 40 | 33 | 23532313 | 19351918 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 4 | 0 | 1373600 | - |
| അസിസ്റ്റന്റ് എഞ്ചിനീയർ | 40 | 32 | 23154447 | 12996644 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ/ വെറ്റിറിനറി സർജൻ | 4 | 4 | 3550000 | 3525721 |
| | | | | |

| | | | | |
|---|---|---|---|---|
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 0 | 1000000 | 0 |
| ആകെ | 116 | 94 | 71614336 | 52080464 |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 58.79 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു**

പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പ്രോജക്ടുകൾ ഒന്നും തന്നെ തൻവർഷം നടപ്പാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 40 പ്രോജക്ടുകളിൽ 7 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാൽ ബില്ലുകൾ പാസ്സാകാതിരുന്നതും മൂലം **58,79255 രൂപയുടെ** പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 19,12,582 |
| എസ് സിപി | 5,03093 |
| ടി എസ് പി | 2,09276 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 40738 |
| സിഎഫ് സി ഗ്രാന്റ് -ടൈഡ് | 21,39,182 |
| സിഎഫ് സി ഗ്രാന്റ് -അൺടൈഡ് | 10,74,384 |
| **ആകെ** | **58,79255** |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 58.79 ലക്ഷം രൂപ ആത്യന്തികമായി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

**വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല**

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് പ്രോജക്ട് പ്രകാരം തുക കൈമാറിയിരുന്നുവെങ്കിലും കൂടുതൽ പ്രോജക്ടുകളും നിലവിലും നടപ്പാക്കാതെ പ്രോജക്ട് തുക നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായിട്ടാണ് കാണുന്നത്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണപരമായ ആവശ്യങ്ങൾക്കുള്ള വരവ് ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

പരാമർശമില്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2022-ൽ 3 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം താരതമ്യേന തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണം അതാത് സ്റ്റാന്റിംഗ് കമ്മറ്റികളോ വർക്കിംഗ് ഗ്രൂപ്പുകളോ മോണിട്ടർ ചെയ്യുന്നില്ല. പ്രൊജക്റ്റ് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്ന പദ്ധതികളിൽ ടി സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ടെങ്കിലും 2020-21 വർഷം രണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടാത്തത് അപാകതയാണ്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വാടകയുടെ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

പട്ടികജാതി വികസന ഓഫീസറുടെ ഫയലുകൾ കൃത്യമായി അടുക്കി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി പട്ടികജാതി വികസന ഓഫീസർക്ക് രസീത് ബുക്ക് നൽകിയിട്ടും രസീത് ഉപയോഗിക്കാതെ തുക പിരിച്ച് ബ്ലോക്ക് ഓഫീസിൽ അടവാക്കിയ നടപടി ഗുരുതരമായ വീഴ്ചയും ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയുമായി വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.03.2021 | 2019-2020 | 02/DPAW/KTM/2021/ 25.03.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2016 | 2013-14, 2014- 15 | No.OA/HQ/II/II/12-328/15-16/732 Dtd 24.02.2016 |

## 1-11 വാടക സംബന്ധിച്ച വിവരങ്ങൾ അപൂർണ്ണം

ബ്ലോക്ക് പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ആകെ നാല് മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ വാടകയുടെ ഡി.സി.ബി സംബന്ധിച്ച വ്യക്തത വാടക രജിസ്റ്ററിൽ ഇല്ല. ഓരോ മുറികളിൽ നിന്നും ഈടാക്കേണ്ട വാടക ,വർഷിക വാടക കൂടാതെ വാടകയ്ക്ക് മുറികൾ ഏറ്റെടുത്തവരുമായി കരാർ നപടികൾ സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 23700 രൂപ വാടക ഇനത്തിലുള്ള വരവായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ആധികാരിക രേഖകൾ ഒന്നും തന്നെ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

ടി മുറികളിൽ ഓരോന്നിൽ നിന്നും 2020-21 സാമ്പത്തിക വർഷങ്ങളിൽ ഈടാക്കേണ്ട വാടകയുടെ ഡിമാന്റ് ,വരവ്, കിട്ടുവാനുള്ള ആകെ തുക എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/08.03.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിച്ചില്ല.ടി സാഹചര്യത്തിൽ വാടക ഇനത്തിൽ അരിയറായി ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിനും ഡി.സി.ബി കൃത്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ടെണ്ടർഫാറവില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം 11 പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖാന്തിരമാണ് കരാറുകാരെ തെരഞ്ഞെടുത്തത്. ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളിൽ ടെണ്ടർ ഫാറ വില (ജി എസ് റ്റി ഉൾപ്പെടെ) എൽ എസ് ജി ഡി കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. പ്രവൃത്തി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന് അവകാശപ്പെട്ട തുക സ്ഥാപനം ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. 2020-21 വർഷം ഇത്തരത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്റ്റ് / നമ്പർ/അടങ്കൽ | ടെണ്ടർ ഫാറവില | കരാറുകാരുടെ എണ്ണം | പഞ്ചായത്തിൽ ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1 | സചിവോത്തമപുരം സി എച്ച് സി മെയിന്റനൻസ് | 500 | 3 | 1500 |
| 2 | ടി വി സെന്റർ റോഡ് റീനവേഷൻ | 981 | 1 | 981 |
| 3 | കോലകുളം മലവേടർ കോളനി വികസനം | 979 | 2 | 1958 |
| 4 | ആര്യാട് കോളനി വികസനം | 982 | 3 | 2946 |
| 5 | കളത്തിപ്പടി-മധുരം ചേരിക്കടവ് | 982 | 2 | 1964 |
| 6 | കൊല്ലാട് കളത്തിക്കടവ് റോഡ് | 983 | 1 | 983 |
| 7 | ചികിത്സാമുറി ഓൾഡ് എജ് ഹോം | 536 | 1 | 536 |
| 8 | സീതാലയം | 2500 | 3 | 7500 |
| 9 | കൊല്ലാട് കളത്തിക്കടവ് റോഡ് | 983 | 2 | 1966 |
| 10 | തച്ചുകുന്നു കോളനി സംരക്ഷണഭിത്തി | 977 | 3 | 2931 |
| 11 | ശങ്കരപുരം റോഡ് | 1160 | 2 | 2320 |
| | ആകെ | | | 25585 |

2020-21 വർഷം ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിക്കേണ്ട 25585/- രൂപ ഇതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിൽ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ജിഎസ്റ്റി വിഹിതം സർക്കാരിലേയ്ക്കും അടവാക്കേണ്ടതാണ്.

## 1-13 രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചു

രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2020-21 വർഷം പട്ടികജാതി വികസന ഓഫീസർക്ക് 1253-ാം നമ്പർ രസീത് ബുക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത രസീത് ബുക്ക് പരിശോധിച്ചതിൽ നാളിതുവരെ ഒരു രസീത് പോലും ഉപയോഗിച്ചതായി കാണുന്നില്ല. എന്നാൽ 31.03.2021 ൽ പട്ടികജാതി വികസന ഓഫീസിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ 17950 രൂപ ബ്ലോക്ക് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽനിന്നും രസീതുബുക്ക് ഇഷ്യൂ ചെയ്യുകയും ആയത് കൈപ്പറ്റുകയും ചെയ്തതിനുശേഷം രസീത് നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/09.03.22) ഗുണഭോക്തൃ വിഹിതം സ്വീകരിക്കുന്ന സമയം ബ്ലോക്ക് പഞ്ചായത്ത് രസീത് ബുക്ക് ഇഷ്യൂ ചെയ്തിരുന്നില്ലായെന്ന മറുപടി ലഭ്യമാക്കി. ആയത് അംഗീകരിക്കാവുന്നതല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഏത് ദിവസമാണ് രസീത് ബുക്ക് നൽകിയതെന്ന് രേഖപ്പെടുത്തുകയോ പട്ടികജാതി വികസന ഓഫീസർ ബുക്ക് കൈപ്പറ്റിയപ്പോൾ തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ തൊട്ടടുത്ത നമ്പർ രസീത് ബുക്ക് (നം.1254) 16.11.2020ൽ സീനിയർ വെറ്ററിനറി സർജൻ കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 16.11.2020 ന് മുമ്പ് പട്ടികജാതി വികസന ഓഫീസർ രസീത് ബുക്ക് കൈപ്പറ്റിയെന്നും ആയത് 2020-21 വർഷത്തേക്ക് നൽകിയിട്ടുള്ളതാണെന്നും വ്യക്തമാണ്. കൂടാതെ ഏതൊക്കെ പദ്ധതികൾക്ക് വേണ്ടി ആരിൽനിന്നും ഏത് ദിവസങ്ങളിൽ എത്ര തുക വീതമാണ് പിരിച്ചതെന്നുള്ള വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. 31.03.2021 ൽ തുക ഒരുമിച്ച് അടയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ വിവിധ ദിവസങ്ങളിൽ ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ച് കൈവശം സൂക്ഷിച്ചിരുന്നോ എന്ന് വ്യക്തമല്ല. രസീത് ഉപയോഗിക്കാതെ പണം പിരിവ് നടത്തുന്നതും അത് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഓഫീസിൽ അടവാക്കാത്തതും ഗുരുതരമായ കൃത്യവിലോപമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-14 സോളാർലൈറ്റ് സ്ഥാപിക്കൽ - ലൈറ്റുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല- 19.48 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**





പുതുപ്പള്ളി പഞ്ചായത്തിൽ തിരുവഞ്ചൂർ ഡിവിഷനിലെ വിവിധ വാർഡുകളിലും, കളത്തിപ്പടി

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിലും, തിരുവഞ്ചൂർ, അയർക്കുന്നം, മാങ്ങാനം ഡിവിഷനിലെ എസ്.സി. സങ്കേതങ്ങളിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം 3 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് 1948980/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം | പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ട് | ബിൽനമ്പർ (എ.സി.ആർ പ്രകാരം) |
|---|---|---|---|---|---|
| 1 | 33/21 പുതുപ്പള്ളി തിരുവഞ്ചൂർ ഡിവിഷനിലെ വിവിധ വാർഡുകളിൽ | 650000 | 649000 | ധനകാര്യക്കമ്മീഷൻ അവാർഡ് | 135/3-11-20 |

| | | | | | |
|---|---|---|---|---|---|
| | സോളാർലൈറ്റുകൾ സ്ഥാപിക്കൽ | | | | |
| 2 | 44/21<br>അയർക്കുന്നംപഞ്ചായത്ത് - കളത്തിപ്പടി മധുരഞ്ചേരി ഇറഞ്ഞാൽ ക്ഷേത്രത്തിനുസമീപവും വെട്ടത്തുകവല ജംഗ്ഷനിലും സോളാർലൈറ്റ് സ്ഥാപിക്കൽ | 200000 | 199980 | വികസനഫണ്ട് -ജനറൽ | 129/23-10-20 |
| 3 | 75/21<br>തിരുവഞ്ചൂർ,അയർക്കുന്നം, മാങ്ങാനം ഡിവിഷനിലെ എസ്.സി.സങ്കേതങ്ങളിലും സോളാർലൈറ്റുകൾ | 1100000 | 1100000 | വികസനഫണ്ട് (എസ്.സി .പി) | 136/3-11-20 |
| | | 1950000 | 1948980 | | |

ക്രമ നം. 1

അക്രഡിറ്റഡ് ഏജൻസിയായ അനർട്ട് മുഖേന നടപ്പാക്കുന്ന പ്രോജക്ടിന്റെ ഭാഗമായി നിർവ്വഹണ ഏജൻസിയായ അനർട്ടുമായി 3-10-20-ൽ കരാർ വയ്ക്കുകയും സ്ഥാപനത്തിന്റെ 21-10-20-ലെ ഇൻവോയ്സ് അനുസരിച്ച് 24x 4 W സോളാർവിളക്കുകൾക്ക് 261500/-രൂപ നിരക്കിൽ 2 എണ്ണത്തിന് 523000/-രൂപയും 20w ന്റേത് 67000/- രൂപ നിരക്കിൽ ഒരെണ്ണവും 10% അഡ്മിനിസ്ട്രേഷൻ ചാർജ് 59000/-രൂപയും ഉൾപ്പെടെ ആകെ 649000/-രൂപ അഡ്വാൻസായി അനുവദിക്കുകയും സ്ഥാപനവുമായി 21-10-20- ൽ കരാറിലേർപ്പെടുകയും ചെയ്തു. പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) നിർവ്വഹണ ഏജൻസിയായ അനർട്ടും ബ്ലോക്ക് പഞ്ചായത്തും തമ്മിലുണ്ടാക്കിയ കരാർ വ്യവസ്ഥയനുസരിച്ച് കരാർ തീയതി മുതൽ 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല എന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.

2) കരാർ വ്യവസ്ഥ പ്രകാരം (നം.6) തെരുവുവിളക്കുകളുടെ സ്ഥാപനം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് അനർട്ട് ജില്ലാ ഓഫീസ്, ഗുണഭോക്തൃസ്ഥാപനം (അതാത് ഗ്രാമപഞ്ചായത്ത്) സോളാർവിളക്ക് സ്ഥാപിക്കുന്ന ഏജൻസി എന്നിവർ ചേർന്ന് മറ്റൊരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ അപ്രകാരം കരാറിലേർപ്പെട്ടിട്ടുള്ളതായുള്ളതായോ പ്രസ്തുത കരാറിന്റെ വിശദാംശങ്ങൾ സംബന്ധിച്ചോ പ്രോജക്ട് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

3) അതാത് ഗ്രാമപഞ്ചായത്തുകളുമായി ആലോചിച്ച് ആവശ്യകതയുടെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തി ഫീസിബിലിറ്റി ഉറപ്പാക്കി റിക്വയർമെന്റ് തിട്ടപ്പെടുത്താതെയാണ് പ്രോജക്ട് ആവിഷ്കരിച്ച് തുക കൈമാറിയത്.

4)കരാർ ലംഘനം ഉണ്ടായാൽ ആയതിന് സ്ഥാപനത്തിനെതിരെ എന്ത് നടപടി സ്വീകരിക്കണം എന്നത് സംബന്ധിച്ച് കരാറിൽ വ്യവസ്ഥയില്ല.

5) ഏകദേശം ഒരുവർഷം കഴിഞ്ഞിട്ടും സോളാർലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലാത്തതിന്റെ കാരണം, അനർട്ടിന് കൈമാറി നൽകിയ തുകയ്ക്ക് നാളിതുവരെ പലിശയിനത്തിൽ ലഭ്യമായിട്ടുള്ള തുക, ടെൻഡർ സേവിംഗ്സ് ഇനത്തിൽ ലഭ്യമായ തുക എന്നീ വിവരങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി മറുപടി ലഭ്യമാക്കണമെന്നറിയിച്ച് സ്ഥാപനത്തെ രേഖാമൂലം അറിയിച്ചിരുന്നുവെങ്കിലും (സെക്രട്ടറിയുടെ 19-11-21-ലെ B/650/2020 നം കത്ത്) മറുപടി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും 3 പ്രോജക്ടുകൾക്കുവേണ്ടിയും നിലവിൽ ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ചുനൽകിയ ഏതെങ്കിലും സ്ഥലങ്ങളിൽ ഇതിനോടകം സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലവിവരങ്ങളും കൂടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-19/13-3-22) ലൈറ്റ് സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും കരാർ വച്ചതിനുശേഷം നിയമസഭാ ഇലക്ഷനും പഞ്ചായത്ത് ഇലക്ഷനും വന്നതിനാൽ ടെൻഡർ നടപടികൾ നീണ്ടുപോയതായി അനർട്ട് വിശദീകരണം നൽകിയിട്ടുണ്ടെന്നും അനർട്ടിൽ നിന്നും കരാറിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണെന്നും പ്രാഥമിക ഫീസിബിലിറ്റി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. കൂടാതെ പ്രോജക്ട് നം.75 ന്റെ സ്ഥലം നിശ്ചയിച്ചിട്ടുള്ളത് ബന്ധപ്പെട്ട കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പുസഹിതം ലഭ്യമാക്കുകയും, കരാർപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ തുക പലിശസഹിതം തിരിച്ചടക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ പ്രവൃത്തി നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽപ്രോജക്ടുകൾക്കായി അനർട്ടിന് കൈമാറിയ 1948980/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നിർവ്വഹണത്തിനായി പഞ്ചായത്ത് കൈമാറിയ 19ലക്ഷത്തിലധികം വരുന്ന സർക്കാർ ഗ്രാന്റ് തുക ഒരു വർഷത്തിലധികമായി നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നത് ക്രമപ്രകാരമല്ല. പ്രോജക്ട് നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനും അനർട്ടുമായി ബന്ധപ്പെട്ട് ലൈറ്റുകൾ അടിയന്തിരമായി സ്ഥാപിച്ചുകിട്ടുന്നതിനും പ്രവൃത്തികൾ പൂർത്തീകരിച്ച് ടെൻഡർ വിശദാംശങ്ങളും ചെലവുവിവരങ്ങളും സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്.

## 1-15 വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ടുകൾ നടപ്പാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും ചെലവു തുക വിനിയോഗിച്ചതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | കൈമാറിയ തുക | ബിൽ നം./ തീയതി | നിർവ്വഹണ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| **വാട്ടർ അതോറിറ്റിക്ക് നൽകിയ തുക** | | | | | | |
| 1. | (1) എസ്ഒ 47/21 | കുഴിമറ്റം ഡിവിഷൻ - പനച്ചിക്കാട് പഞ്ചായത്ത് വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ | 550000 | 59/20-21/ 23.10.20 | വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, കോട്ടയം | സെക്രട്ടറി, പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| | (2) എസ്ഒ 81/21 | കാരാണി കുടിവെള്ള പദ്ധതിക്ക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ | 550000 | 45/20-21/ 25.9.20 | ,, | ,, |
| | | **ആകെ** | **1100000** | | | |
| **ഭൂജലവകുപ്പിന് നൽകിയ തുക** | | | | | | |
| 2. | (1) എസ്ഒ 50/21 | ചെറുകുന്നേൽ കോളനി കുടിവെള്ള പദ്ധതി - അയർക്കുന്നം ഗ്രാമപഞ്ചായത്ത് | 550000 | 218/20-21/ 25.2.21 | ഭൂജലവകുപ്പ്, കോട്ടയം | ,, |

| | | | | | | |
|---|---|---|---|---|---|---|
| | (2) എസ്ഒ 28/21 | കട്ടൻചിറ കുടിവെള്ള പദ്ധതി - വാർഡ് 17 – കുറിച്ചി ഗ്രാമപഞ്ചായത്ത് | 550000 | 212/20-21/ 25.02.21 | ,, | ,, |
| | (3) എസ്ഒ 134/21 | സചിവോത്തമപുരം കോളനി -30 ഗുരുകുലം കുടിവെള്ള പദ്ധതി വാർഡ്-6 കുറിച്ചി ഗ്രാമപഞ്ചായത്ത് | 544000 | 113/ 01-10.20 | ,, | ,, |
| | (4) എസ്ഒ 133/21 | ആനക്കുഴിപ്പൊക്കം കുടിവെള്ള പദ്ധതി വാർഡ് -13 | 401000 | 114/ 01.10.20 | ,, | ,, |
| | (5) എസ്ഒ 103/21 | അമ്പലക്കൊടി കുടിവെള്ള പദ്ധതി | 550000 | 91/11.4.20 | ,, | ,, |
| | (6) എസ്ഒ 24/21 | മാങ്ങാനം കുടിവെള്ള പദ്ധതി പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | 650000 | 209/24.2.21 | ,, | ,, |
| | | **ആകെ** | **3245000** | | | |
| **കെഎസ്ഇബി.യ്ക്ക് നൽകിയ തുക** | | | | | | |
| 3. | (1) 94/21 | മാങ്ങാനം ഡിവിഷൻ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ 1,2,3,4,18 വാർഡുകളിൽ സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ | 548126 | 15/20/ 15.5.20 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ പുതുപ്പള്ളി | ,, |
| | (2) 45/21 | വലകുന്നം - കൊല്ലാട് പാത്താമുട്ടം ഡിവിഷൻ വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ 1) പനച്ചിക്കാട് - 50000 | 600704 | 57/20/ 23.10.20 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ നാട്ടകം | ,, |
| | | 2) കുറിച്ചി - 174704 | | 56/20/ 23.10.20 | ഇലക്ട്രിക്കൽ സെക്ഷൻ വാകത്താനം | ,, |
| | | 3)പനച്ചിക്കാട് വാർഡ് 14 - 182192 | | 63/20/ 23.10.20 | ,, | ,, |

| | | | | | | |
|---|---|---|---|---|---|---|
| | | 4) പനച്ചിക്കാട് - വാർഡ് 12 193808 | | 63/20/ 23.10.20 | ,, | ,, |
| | | **ആകെ** | **1148830** | | | |
| **മൈനർ ഇറിഗേഷൻ വകുപ്പിന് തുക നൽകിയത്** | | | | | | |
| 4. | 43/21 | ചേരുമ്മൂട്ടിൽ - കൈതേപ്പാലം തോട് ആഴം കൂട്ടൽ | 550000 | 60/ 23.10.20 | മൈനർ ഇറിഗേഷൻ വകുപ്പ്, കോട്ടയം | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| | | **ആകെ** | **550000** | | | |
| | | **ആകെ മൊത്തം** | **6043830** | | | |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്കുകൾക്കായുള്ള 6043830/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 കുഴൽകണറിന് മോട്ടോർ ഘടിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

സി.എച്ച്.സി സചിവോത്തമപുരത്ത് കുഴൽ കിണറിന് മോട്ടോർ ഘടിപ്പിക്കുന്നതിനായി ആകെ 67585 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | 80/21 | നിർവ്വഹണ ഏജൻസി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|
| പ്രോജക്ട് | സചിവോത്തമപുരം സി.എച്ച്.സി യിലെ കുഴൽ കിണറിന് മോട്ടോറും അനുബന്ധ ഉപകരണങ്ങളും ഘടിപ്പിക്കൽ | ഗുരു ഇലക്ട്രിക്കൽസ് ആന്റ് സാനിറ്ററി ഏജൻസി | മെഡിക്കൽ ഓഫീസർ, സിഎച്ച്സി, സചിവോത്തമപുരം |
| അടങ്കൽ | 150000(മെയിന്റനൻസ് ഫണ്ട് -റോഡിതരം) | | |
| ചെലവ് | ബിൽ നമ്പർ 03/20-21/27.3.21 -67585/- | | |

ടി പദ്ധതി പ്രകാരം കുഴൽ കിണറിന് മോട്ടോറും അനുബന്ധ ഉപകരണങ്ങളും ഘടിപ്പിക്കുന്നതിനായി സാധനങ്ങൾ വാങ്ങിയ ഇനത്തിലും പണിക്കൂലിയായും ഗുരു ഇലക്ട്രിക്കൽസ് ആന്റ് സാനിറ്ററി എന്ന സ്ഥാപനത്തിനാണ് 67585 രൂപ നൽകിയിട്ടുള്ളത്.എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി പദ്ധതി നടപ്പിലാക്കിയതിന്റെയോ തീർപ്പാക്കിയതിന്റെയോ എസ്റ്റിമേറ്റ്, വാല്യുവേഷൻ, പൂർത്തീകരണ വിവരങ്ങൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി പദ്ധതി പൂർത്തിയാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.4/8.3.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 67585 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 തോട്സംരക്ഷണപ്രവൃത്തി - വിനിയോഗമിച്ചം വന്ന 9044/- രൂപയുടെ സർക്കാർ ഗ്രാന്റ് തിരികെ ലഭ്യമായിട്ടില്ല**

കടവോരം നാട്ടുചന്തത്തോട് സംരക്ഷണ പ്രവൃത്തിയ്ക്കായി നിർവ്വഹണ ഏജൻസിയായ മൈനർ ഇറിഗേഷൻ വകുപ്പിന് പ്രോജക്ട് പ്രകാരം തുക കൈമാറിയിരുന്നു. നിർവ്വഹണസ്ഥാപനം ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രമനുസരിച്ച് പ്രോജക്ട് നിർവ്വഹണത്തിനുശേഷം മിച്ചം തുക വകുപ്പിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിക്ഷേപത്തുക | സാക്ഷ്യപത്രപ്രകാരം ആകെ ചെലവ് | ബാക്കിതുക |
|---|---|---|---|
| S032/21 കടവോരം നാട്ടുചന്തത്തോട് സംരക്ഷണം | 650000/ | 640956 | 9,044 |
| | | | 9,044 |

വിനിയോഗമിച്ചം വന്ന തുക തിരികെ ലഭ്യമാകുകയോ മറ്റ് രീതിയിൽ ക്രമീകരിക്കുകയോ ചെയ്തിട്ടുള്ളപക്ഷം വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/14-3-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

**1-18 സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതി - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.**

സി.ഡി.പി.ഒ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ കേഴ്വി ശക്തികുറഞ്ഞ വയോജനങ്ങൾക്ക് ശ്രുവണ സഹായി എന്ന പദ്ധതി (പ്രോജക്ട് നം.101/21) നടപ്പിലാക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 159520 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ 159520 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 മരുന്നുവാങ്ങൽ - പൂർണ്ണമായും ലഭ്യമായിട്ടില്ല.**

1.അയർക്കുന്നം-സി.എച്ച്.സി.

അയർക്കുന്നം സി.എച്ച്.സിക്ക് മരുന്നു വാങ്ങൽ പദ്ധതിക്കായി (പ്രോജക്ട് നമ്പർ-16/21) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 300000/-രൂപ നൽകിയിട്ടുണ്ട് (ബിൽ നമ്പർ 01/20-21/24.06.20)എന്നാൽ 58180/- രൂപയുടെ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.ലഭ്യമല്ലാത്ത മരുന്നുകളുടെ തുകയായ 58180 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. സചിവോത്തമപുരം-സി.എച്ച്.സി

സചിവോത്തമപുരം സി.എച്ച.സി.ക്ക് മരുന്നു വാങ്ങലിനായി പ്രേജക്ട് നമ്പർ 15/21 പ്രകാരം 400000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

( ബിൽ നമ്പർ- 01/20-21/24.02.21/300000/-)

( ബിൽ നമ്പർ- 02/20-21/27.03.21/100000/-)

എന്നാൽ നാളിതുവരെ 154538/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 245462/- രൂപയുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്. ടി തുകയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമല്ലാത്ത മരുന്നുകളുടെ തുകയായ 245462 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-20 വിതരണ വിവരം ലഭ്യമല്ല**

പട്ടികജാതി വികസന ഓഫീസർ 20-21 വർഷം നിർവ്വഹണം നടത്തിയ കുറിച്ചി പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ഫർണിച്ചർ വിതരണം എന്ന പ്രോജക്ടിന് (നം.100/21) 160000/- രൂപ വികസന ഫണ്ടിൽ നിന്നും (ബിൽ നം. 1/20-21 തീ20-4-2020 ) ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് റ്റി.വി., ഫ്രിഡ്ജ്, സ്റ്റഡി ടേബിൾ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങുന്നതിനാണ് 160000 രൂപ ചെലവഴിച്ചത്. സാധനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഹോസ്റ്റലിന് നല്കുകയും കൈപ്പറ്റ് വിവരം ഫയലിൽ ചേർക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ സാധനം ലഭിച്ചതിന്റ വിവരങ്ങൾ, വിതരണവിവരം തുടങ്ങിയവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/10-3-2022 ന് മറുപടി നല്കിയില്ല. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ഈ ഇനത്തിലുള്ള 160000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമല്ല

പട്ടികജാതി വികസന ഓഫീസർ 20-21 വർഷം നിർവ്വഹണം നടത്തിയ എസ് സി വനിതകൾ ഗൃഹനാഥരായുള്ള ഭവനങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട് കൈമാറൽ എന്ന 109/20-21 നമ്പർ പ്രോജക്ടിനായി വികസനഫണ്ട് ( എസ് സി പി) 425000/-രൂപ കുറിച്ചി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---|
| 59/15-5-20 | 75000 |
| 60/15-5-20 | 150000 |
| 131/28-10-20 | 165000 |
| 194/2-2-21 | 35000 |
| ആകെ | 425000 |

ഫയൽ പരിശോധിച്ചതിൽ പ്രോജക്ടിന് പണം അനുവദിക്കണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ വിവരം, തുക അനുവദിച്ചതിന്റെ വിവരം, ഗുണഭോക്താക്കളുടെ വിവരം തുടങ്ങിയവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12/10.03.2022-ന് മറുപടി നല്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകകൾ ഹാജരാക്കുന്നതു വരെ ഈ ഇനത്തിൽ ചെലവഴിച്ച 425000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഫയലുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല

2020-21 വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

(1)

| ക്ര നം | പ്രോജക്ട് | ചെലവ് | റിമാർക്സ് |
|---|---|---|---|
| 1 | പട്ടികജാതി കുടുംബങ്ങൾക്ക് പി വി സി വാട്ടർ | 215200 | 100 ഗുണഭോക്താക്കൾക്ക് ടാങ്ക് നല്കിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം 215200/- രൂപ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം രസീത് നല്കാതെ |

| | | |
|---|---|---|
| ടാങ്ക് നല്കൽ 99/20-21 | | രജിസ്റ്ററിൽ ചേർത്ത് പിരിച്ചു. ആയതിന്റെ കൃത്യത അടവ് വിവരം/ചെലവ് വിവരം ലഭ്യമല്ല |

(2)

| ക്രമ നം. | പ്രോജക്ട് നം. | ചെലവ് | ബിൽ നം. |
|---|---|---|---|
| 1) | 61/20-21 | 150000 | 200/11.02.21 |
| | | 100000 | 227/16.3.21 |
| | **ആകെ** | **250000** | |
| 2) | 127/20-21 | 130000 | 99/24.8.2020 |
| | | 75000 | 106/22.09.2020 |
| | | 75000 | 174/14.01.2021 |
| | **ആകെ** | **280000** | |

2020-21ൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് പഠനമുറി എന്ന 61/20-21 നമ്പർ പ്രോജക്ട് പരിശോധിച്ചതിൽ വികസനഫണ്ട് (എസ്.സി.പി.) 250000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 127/20-21 എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 280000/- രൂപയും ചെലവഴിച്ചു. എന്നാൽ വ്യക്തിഗത ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധനയ്ക്ക് സാധ്യമാകുംവിധം ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വ്യക്തിഗത ഫയലുകളിൽ ആവശ്യംവേണ്ട, പഠനമുറിയുടെ വാല്യൂവേഷൻ, അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയവ ക്രമപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച ആകെ തുക 530000/- (250000 + 280000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ പരിശോധനയ്ക്ക് സാധ്യമാകുംവിധം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഹോണറേറിയം തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

കോവിഡ് സാഹചര്യത്തിൽ സർക്കാർ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 5 മാസത്തെ ശമ്പളത്തിൽ/ഹോണറേറിയത്തിൽ നിന്നും 25% തുക ഈടാക്കി CMDRF ലേക്ക് അടയ്ക്കുന്നതിനായി പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മെമ്പർമാരുടെ ഹോണറേറിയത്തിൽ നിന്നും ഈടാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | ചെക്ക് നംപർ/തീയതി | തുക |
|---|---|---|
| 1 | 5108297/8-5-20 | 28450 |
| 2 | 5108282/3-6-20 | 28450 |
| 3 | 5108287/1-7-20 | 28450 |
| 4 | 5108281/2-4-20 | 28450 |
| 5 | 5410207/3-8-20 | 28450 |
| | ആകെ | 142250 |

ഈ തുക CMDRFലേക്ക് അടവാക്കിയതായോ മെമ്പർമാർക്ക് തിരികെ നല്കിയതായോ കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 7/09.03.2022-ന് മറുപടി നല്കിയില്ല. ഹോണറേറിയം ഇനത്തിൽ ബാധ്യതയായി അവശേഷിക്കുന്ന തുക ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ബാരൽ വില ഈടാക്കുന്നത് സംബന്ധിച്ച് (ഓഡിറ്റ് ഇംപാക്ട്)

പൊതുമരാമത്ത് മാന്വൽ പ്രകാരം സീൽഡ് ബിറ്റുമിൻ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും കാലി ബാരലിന്റെ വില ജി എസ് ടി സഹിതം ഈടാക്കേണ്ടതും ബാരൽ വില ബിറ്റുമിൻ വാങ്ങാനുപയോഗിച്ച ഫണ്ടിലേക്കും ജി എസ് ടി പ്രസ്തുത വകുപ്പിനും അടവാക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കളത്തിപ്പടി മധുരഞ്ചേരിക്കടവ് റോഡ് ടാറിംഗ്

(124/20-21) എന്ന പ്രവൃത്തിക്ക് 9 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹണം നടത്തിയ പ്രവൃത്തിയുടെ ബിൽ പരിശോധിച്ചതിൽ കാലിബാരലിന്റെ വില ഈടാക്കിയിട്ടുള്ളതായി കണ്ടില്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/11.03.2022) നല്കിയതിനെ തുടർന്ന് 2529/- രൂപ 1252/93 തീയതി 10-3-2022-ാം നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്.

**1-25 അപകടകരമായി നിൽക്കുന്ന തേക്കുമരം മുറിച്ചുമാറ്റുന്നത് സംബന്ധിച്ച കമ്മിറ്റി തീരുമാനത്തിന്മേൽ ഒരുവർഷം കഴിഞ്ഞിട്ടും തുടർനടപടികളായിട്ടില്ല.**

തോട്ടയ്ക്കാട് സിഎച്ച്സിയ്ക്കും അടുത്ത വീടുകൾക്കും ഭീഷണിയായി ചരിഞ്ഞുനിൽക്കുന്ന തേക്കുമരം വെട്ടുന്നത് സംബന്ധിച്ച് ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നൽകുന്നതിന് തീരുമാനമെടുത്തിരുന്നു (23-6-20 ലെ അജണ്ട – V, തീരുമാനം 3). കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം 3/7-3-22) വിഷയം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മരം മുറിക്കുന്നതിന് ഉത്തരവാകുകയും മരത്തിന് 57,447/- രൂപ വാല്യുവേഷൻ നിശ്ചയിച്ചുനൽകുകയും ചെയ്തിരുന്നതായി മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. മരം മുറിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നും അനുമതി ലഭിച്ചതിനെതുടർന്ന് രണ്ട് തവണ ലേലം/ക്വട്ടേഷൻ നടത്തിയെങ്കിലും ലഭ്യമാക്കിയ വാല്യുവേഷൻ പ്രകാരമുള്ള തുക ലഭിക്കാത്തതിനാൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി രണ്ട് തവണ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയെങ്കിലും തുടർനടപടികൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

അപകടാവസ്ഥയിലുള്ള മരം മുറിച്ചുമാറ്റുന്ന വിഷയത്തിൻ അടിയന്തിരപ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കണമെന്നിരിക്കെ അപ്രകാരം നടന്നിട്ടില്ലായെന്ന് ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു. നിശ്ചയിച്ച ലഭിച്ച വാല്യുവേഷൻ തുകയ്ക്ക് ലേലം നടക്കാത്തപക്ഷം വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെടുത്തി വാല്യുവേഷൻ തുക കുറച്ചു ലഭിക്കുന്നതിന് ഫോറസ്റ്റ് വകുപ്പിന് കത്തയച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. തുടർന്നും ലേലം നടക്കാത്തപക്ഷം മരത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് ഫോറസ്റ്റ് വകുപ്പിന്റെ അനുമതിക്ക് വിധേയമായി വിഷയം പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമായ തീരുമാനമെടുക്കാവുന്നതാണ്.

**1-26 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് 2020-21 ൽ മുൻകൂർ നല്കിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു**

2020-21 വർഷം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ചെലവഴിച്ചതും നാളിതു വരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രനം | ചെക്ക് നം./ തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 5108280/15-5-20 | 30000 | കോവിഡ് പ്രതിരോധചെലവുകൾക്ക് ഹോമിയോ മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നല്കിയ തുക |
| 2 | 5108274/15-4-20 | 16020 | കോവിഡ് പ്രതിരോധചെലവുകൾക്ക് പിഎച്ച് സി പനച്ചിക്കാടിന് മുൻകൂർ നല്കിയ തുക |
| 4 | 5108281/29-5-20 | 20000 | കോവിഡ് പ്രതിരോധചെലവുകൾക്ക് സി എച്ച് സി കുറിച്ചിക്ക് മുൻകൂർ നല്കിയ തുക |
| 5 | 5108281/29-5-20 | 22992 | കോവിഡ് പ്രതിരോധചെലവുകൾക്ക് സി എച്ച് സി തോട്ടക്കാടിന് മുൻകൂർ നല്കിയ തുക |
| | ആകെ | 89012 | |

മുൻകൂർ നല്കിയ തുകകൾ ഇതിനോടകം ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6/8.3.2022-ന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ മുൻകൂർ

ഇനത്തിൽ ചെലവഴിച്ച 89012/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂർ തുക ക്രമീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05.03.2022-ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ട് നം/ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 499480 | 139/21 ,അയർക്കുന്നം സി.എച്ച്.സിയ്ക്ക് ഫർണീച്ചർ വാങ്ങി നൽകൽ | 499480 | 0 |
| | 2020-21 | 200000 | 95/21, അയർക്കുന്നം പഞ്ചായത്തിലെ ആമക്കാട്ടു കുടിവെള്ള പദ്ധതി പൂർത്തീകരണം | 200000 | 0 |
| | 2020-21 | 296827 | 126/21, അയർക്കുന്നം | 296827 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പഞ്ചായത്തിലെ മുന്നോടിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം | | |
| | 2020-21 | 300000 | 132/21, അയർക്കുന്നം പഞ്ചായത്തിലെ മെത്രാൻചേരി കുടിവെള്ള പദ്ധതി | 300000* | 0 |
| | 2020-21 | 175408 | 140/21, മുന്നോടിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം | 175408 | 0 |
| ആകെ | | 1471715 | | 1471715 | |

* ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | 50/21, ചെറുകുന്നേൽ കോളനി കുടിവെള്ളപദ്ധതി- | 550000 | 0 | 550000 |
| | 28/21 കുട്ടൻചിറ കോളനി കുടിവെള്ള പദ്ധതി | 550000 | 0 | 550000 |
| | 134/21 സചിവോത്തമപുരംകോളനി-30- ഗുരുകുലം കുടിവെള്ളപദ്ധതി | 544000 | 0 | 544000 |
| | 133/21 ആനക്കുഴിപ്പൊക്കം കുടിവെള്ളപദ്ധതി | 401000 | 0 | 401000 |
| | 103/21 അമ്പലക്കൊടി കുടിവെള്ളപദ്ധതി | 550000 | 0 | 550000 |
| | 24/21 മാങ്ങാനം കുടിവെള്ളപദ്ധതി | 650000 | 0 | 650000 |

| | | | | | |
|---|---|---|---|---|---|
| | വാട്ടർ അതോറിറ്റി | 47/21<br>കുഴിമറ്റം ഡിവിഷനിൽ<br>വിവിധ വാർഡുകളിൽ<br>പൈപ്പ് ലൈൻ നീട്ടൽ | 550000 | 0 | 550000 |
| | | 81/21,<br>കാരാണി കുടിവെള്ള<br>പദ്ധതിയ്ക്ക് ട്രീറ്റ്മെന്റ് പ്ലാന്റ് | 550000 | 0 | 550000 |
| | കെ.എസ്.ഇ.ബി | 94/21<br>മാങ്ങാനം ഡിവിഷനിൽ<br>പുതുപ്പള്ളി പഞ്ചായത്തിലെ<br>1,2,3,4, 18 വാർഡുകളിൽ<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | 548126 | 0 | 548126 |
| | കെ.എസ്.ഇ.ബി | 45/21<br>മലകുന്നം<br>,കൊല്ലാട്,പാത്താമുട്ടം<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ്<br>ലൈൻ വലിക്കൽ | 600704 | 0 | 600704 |
| | മൈനർ ഇറിഗേഷൻ | 32/21,<br>കടവോരം- നാട്ടച്ചന്ത<br>തോട് സംരക്ഷണം | 650000 | 0 | 650000 |
| | | 43/21,<br>ചേരും മൂട്ടിൽ കൈതേപ്പാലം<br>തോട്<br>ആഴം കൂട്ടൽ | 550000 | 0 | 550000 |
| | അനർട്ട് | 33/21<br>പുതുപ്പള്ളി തിരുവഞ്ചൂർ<br>ഡിവിഷനിലെ<br>വിവിധ വാർഡുകളിൽ<br>സോളാർലൈറ്റുകൾ<br>സ്ഥാപിക്കൽ | 649000 | 0 | 649000 |
| | | 44/21<br>കളത്തിപ്പടി മധുരഞ്ചേരി<br>ഇറഞ്ഞാൽ<br>ക്ഷേത്രത്തിനുസമീപവും<br>വെട്ടത്തുകവല<br>ജംഗ്ഷനിലും<br>സോളാർലൈറ്റ്<br>സ്ഥാപിക്കൽ | 199980 | 0 | 199980 |
| | | 75/21<br>തിരുവഞ്ചൂർ,അയർക്കുന്നം,<br>മാങ്ങാനം<br>ഡിവിഷനിലെ<br>എസ്.സി.സങ്കേതങ്ങളിൽ<br>സോളാർലൈറ്റുകൾ<br>സ്ഥാപിക്കൽ | 1100000 | 0 | 1100000 |

| | | | | |
|---|---|---|---|---|
| ആകെ | | 8642810 | 0 | 8642810 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ബ്ലോക്ക് പഞ്ചാത്ത് ഫണ്ടിൽ നിന്നും 2020-21 വർഷം കൺവീനർ പ്രവൃത്തിൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വരവ് ഇനം, രസീത് നം/തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 1999-00 | 28, 34 എ | 2003-04 | പേജ് 63 | 1)പനച്ചിക്കാട്-വെള്ളുവാക്കൽപ്പാടം സംരക്ഷണഭിത്തി 17,000- രൂപ<br>2) റോഡ് നിർമാണം (പനച്ചിക്കാട്-മലവേടർ കോളനി) നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക കൺവീനർക്ക് നൽകി 19,600/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 77741399 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74010542 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9727569 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1948980 | ശ്രീ.ജയ്മോൻ ഏബ്രഹാം<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 1-15(1) | 1100000 | ശ്രീ.ജയ്മോൻ എബ്രഹാം<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 1-15(2) (1) | 550000 | ശ്രീ.രജിത് ആർ<br>സെക്രട്ടറി പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| 1-15(2) (2) | 550000 | ,, |
| 1-15(2) (3) | 544000 | ശ്രീ.ജയ്മോൻ ഏബ്രഹാം<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 1-15(2) (4) | 401000 | ,, |
| 1-15(2) (5) | 550000 | ,, |
| 1-15(2) (6) | 650000 | ശ്രീ.രജിത് ആർ<br>സെക്രട്ടറി പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| 1-15(3) (1) | 548126 | ശ്രീ.ജയ്മോൻ ഏബ്രഹാം<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 1-15(3) (2) | 600704 | ,, |
| 1-15(4) | 550000 | ,, |
| 1-16 | 67585 | ഡോ.നിത ആലീസ് പോൾ<br>മെഡിക്കൽ ഓഫീസർ<br>സി എച്ച് സി, സചിവോത്തമപുരം |
| 1-18 | 159520 | ഷജീല ബീവി എസ്<br>സിഡിപിഒ, പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| 1-19(1) | 58180 | ഡോ.രേഖ ആർ<br>മെഡിക്കൽ ഓഫീസർ<br>സി എച്ച് സി, അയർക്കുന്നം |
| 1-19 (2) | 245462 | ഡോ.നിത ആലീസ് പോൾ<br>മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | സി എച്ച് സി, സചിവോത്തമപുരം |
| 1-20 | 160000 | ശ്യം കുമാർ ബി, പട്ടികജാതി വികസന ഓഫീസർ, പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| 1-21 | 425000 | ശ്യം കുമാർ ബി, പട്ടികജാതി വികസന ഓഫീസർ, പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| 1-22 | 530000 | ശ്യം കുമാർ ബി, പട്ടികജാതി വികസന ഓഫീസർ, പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| 1-26 | 89012 | ശ്രീ.ജയ്മോൻ ഏബ്രഹാം<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 9727569 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.കെ.പി1-819/01/12.06.2001 | - |
| 1997-98 | എൽ.എഫ്.കെ.പി1-37/08/09.07.2008 | - |
| 1998-99 & 1999-00 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(1)/2018/07.05.2018 | 11 |
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(2)/2018/07.05.2018 | 7 |
| 2002-03 | എൽ.എഫ്.കെ.പി1-980/05/11.10.2006 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(3)/2018/07.05.2018 | 8 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(4)/2018/07.05.2018 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(5)/2018/07.05.2018 | 2 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(6)/2018/07.05.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(7)/2018/07.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(8)/2018/07.05.2018 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(9)/2018/07.05.2018 | 5 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(10)/2018/07.05.2018 | 4 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(11)/2018/07.05.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(12)/2018/07.05.2018 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(13)/2018/07.05.2018 | 5 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(14)/2018/07.05.2018 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.15/1623/18/18.01.2018 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.15/1849/2018/29.10.18 | 32 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.15/176/2020/05.05.20 | 15 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്